**3/2020**

web.[www.kdrb.kerala.gov.in](http://www.kdrb.kerala.gov.in)

# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പരീക്ഷാ പ്രോഗ്രാം

## ഡിസംബർ 2020

| ക്രമനമ്പർ | പരീക്ഷാ തീയതിയും സമയവും | തസ്തികയുടെ പേര്, ദേവസ്വം, സിലബസ് | കാറ്റഗറി നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | **20.12.2020**<br>ഞായർ<br>**ഉച്ചയ്ക്ക്**<br>**01.30** *<br>**മുതൽ**<br>**03.30** വരെ | **ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്**<br>**കൊച്ചിൻ ദേവസ്വം ബോർഡ്**<br>**(നേരിട്ടുള്ള നിയമനം)**<br>**സിലബസ്സ്** - **നിഷ്കർഷിത യോഗ്യതകളെ അടിസ്ഥാനമാക്കി ഒബ്ജക്റ്റീവ് മാതൃകയിലുള്ള പരീക്ഷ. (ഒ.എം.ആർ മൂല്യനിർണ്ണയം)**<br>**പ്രധാന വിഷയങ്ങൾ**<br>പാർട്ട്-I - പൊതു വിജ്ഞാനവും ആനുകാലികവും<br>പാർട്ട് II - ഗണിതവും മാനസികശേഷിയും യുക്തിചിന്തയും<br>പാർട്ട് III - ജനറൽ ഇംഗ്ലീഷ്<br>പാർട്ട് IV - മലയാളം-ഭാഷാഭിരുചി, വ്യാകരണം, വിവർത്തനം, അവധാരണം<br>പാർട്ട് V - ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം<br>പാർട്ട് VI -സാങ്കേതിക യോഗ്യതകളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ<br>1) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ്<br>2) ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), മലയാളം (ലോവർ) | **05/2019**<br>**പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശദമായ സിലബസ്സ് വെബ്സൈറ്റിൽ ലഭ്യമാണ്.** |

| | | | |
|---|---|---|---|
| | | പാർട്ട് VII - ക്ഷേത്ര കാര്യങ്ങൾ, ഹൈന്ദവസംസ്കാരം,<br>ഹൈന്ദവ ആചാരാനുഷ്ഠാനങ്ങൾ<br>**(പരമാവധി മാർക്ക്-100)**<br>**പരീക്ഷാ സമയം-1 മണിക്കൂർ 15 മിനിട്ട്**<br>**<u>ചോദ്യ ഭാഷ</u>**<br>**പാർട്ട് ഒന്ന്, പാർട്ട് രണ്ട്, പാർട്ട് നാല്, പാർട്ട് ഏഴ് – ചോദ്യങ്ങൾ മലയാളത്തിലും, പാർട്ട് അഞ്ച്, പാർട്ട് ആറ് – ചോദ്യങ്ങൾ മലയാളത്തിലും, ഇംഗ്ലീഷിലുമായിരിക്കും.**<br><br>**കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ** www.kdrb.kerala.gov.in -ലൂടെ **ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഉദ്യോഗാർത്ഥികൾക്ക്** 05.12.2020 **മുതൽ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.** | |
| 2 | **20.12.2020**<br>ഞായറാഴ്ച<br>ഉച്ചയ്ക്ക് **1.30 ***<br>മുതൽ **3.15** വരെ | **ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്**<br>**കൊച്ചിൻ ദേവസ്വം ബോർഡ്**<br>**(തസ്തികമാറ്റം വഴിയുള്ള നിയമനം)**<br><br>**കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ** www.kdrb.kerala.gov.in -**ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഉദ്യോഗാർത്ഥികൾക്ക്** 05.12.2020 **മുതൽ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.** | **06/2019** |
| | | **മേൽസൂചിത തസ്തികകളിലേയ്ക്ക് (ക്രമനമ്പർ 1,2) പൊതുപരീക്ഷ** | |
| | **കുറിപ്പ് 1** | പ്രധാനവിഷയങ്ങളിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾക്ക് പുറമെ ഈ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയുമായി ബന്ധപ്പെട്ട മറ്റ് ചോദ്യങ്ങളും ഉണ്ടാകാം. കൂടാതെ പ്രധാനവിഷയങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിർബന്ധവുമില്ല. | |
| | **കുറിപ്പ് 2** | പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിന് പുറമെ അവരുടെ ഫോട്ടോ പതിച്ച താഴെപ്പറയുന്ന ഏതെങ്കിലും രേഖയുടെ അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>1) ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്<br>2) ഡ്രൈവിംഗ് ലൈസൻസ്<br>3) പാസ്പോർട്ട്<br>4) ഭിന്നശേഷിക്കാർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ്<br>5) ദേശസാൽകൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച | |

| | | | | |
|---|---|---|---|---|
| | | പാസ്സ്ബുക്ക്<br>6) പാൻകാർഡ്<br>7) സർക്കാർ ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന വകുപ്പ്/സ്ഥാപനം നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br>8) വിമുക്ത ഭടൻമാർക്ക് നൽകുന്ന ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/വിമുക്ത ഭടൻമാർക്ക് സൈനിക വെൽഫയർ ആഫീസർ നൽകുന്ന ഫോട്ടോ പതിച്ച് തിരിച്ചറിയൽ കാർഡ്<br>9) മോട്ടാർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്<br>10) സംസ്ഥാന/ജില്ലാ/സഹകരണ ബാങ്ക്/ഷെഡ്യൂൾഡ് ബാങ്ക് എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്സ്ബുക്ക്<br>11) പൊതുമേഖലാ സ്ഥാപനങ്ങളിൽ (വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ/ബോർഡുകൾ/അതോറിറ്റികൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ) എന്നിവ അവരുടെ ജീവനക്കാർക്ക് നൽകുന്ന ഫോട്ടോപതിച്ച ഐഡന്റിറ്റി കാർഡ്<br>(12) കേരളത്തിലെ സർവ്വകലാശാലകൾ അവരുടെ ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br>13) ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ബോർഡുകൾ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br>14) അഡ്വക്കേറ്റമാരായി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോപതിച്ച ഐഡന്റിറ്റി കാർഡ്<br>15) ആധാർ കാർഡ്<br>16) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച നൽകുന്ന ഏതെങ്കിലും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br><br>**തിരിച്ചറിയൽ രേഖയുടെ അസ്സൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല** | |
| | **കുറിപ്പ് 3** | ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പരീക്ഷാ സമയത്തിന് മുൻപ് തന്നെ പരീക്ഷാ ഹാളിൽ അവർക്ക് അനുവദിച്ചിട്ടുള്ള ഇരിപ്പിടത്ത് ഹാജരാകേണ്ടതാണ്. താമസിച്ച് വരുന്നവരെ യാതൊരു കാരണവശാലും പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. | |
| | **കുറിപ്പ് 4** | കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, വാക്ക്മാൻ തുടങ്ങിയ ഇലക്ട്രോണിക് വിവര വിനിമയത്തിനുള്ള ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കർശനമായി നിരോധിച്ചിരിക്കുന്നു. പരീക്ഷാ സമയത്ത് അനുചിതമായ പെരുമാറ്റം നടത്തുകയോ നടത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളേയും, വാച്ച്, റിസ്റ്റ് വാച്ച്, സ്മാർട്ട് വാച്ച്, ക്യാമറാവാച്ച് തുടങ്ങി വിവര വിനിമയത്തിനായുള്ള ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഏതെങ്കിലും പരീക്ഷാഹാളിൽ കൈവശം വയ്ക്കുന്ന ഉദ്യോഗാർത്ഥികളേയും പരീക്ഷാഹാളിൽ നിന്നും ഉടനടി പുറത്താക്കുന്നതാണ്, അത്തരക്കാരുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കുകയോ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന തെരഞ്ഞെടുപ്പ് നടപടികളിൽ ഹാജരാകുന്നതിൽ നിന്നും താത്ക്കാലികമായി/സ്ഥിരമായി | |

| | | | |
|---|---|---|---|
| | | അയോഗ്യത കല്പിക്കുകയും ചെയ്യുന്നതാണ്. | |
| | **കുറിപ്പ് 5** | പരീക്ഷാ തീയതി, സമയം, പരീക്ഷാ കേന്ദ്രം എന്നിവ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കും. | |
| | **കുറിപ്പ് 6** | എഴുത്തു പരീക്ഷ (Descriptive Type Test), ട്രാൻസ്ക്രിപ്ഷൻ ടെസ്റ്റ് എന്നിവ ഒഴികെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് നടത്തുന്ന എല്ലാ ഒബ്ജക്ടീവ് മാതൃകയിലുള്ള (ഒ.എം.ആർ മൂല്യനിർണ്ണയം) പരീക്ഷകളുടെയും താത്ക്കാലിക ഉത്തരസൂചിക പരീക്ഷാനന്തരം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്. താത്ക്കാലിക ഉത്തരസൂചിക സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം ആയത് താത്ക്കാലിക ഉത്തരസൂചിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. | |

.

തിരുവനന്തപുരം

20.11.2020

**ബി.കൃഷ്ണചന്ദ്രൻ**

**പരീക്ഷാ കൺട്രോളർ**

**കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്**

| |
|---|
| ***പരീക്ഷാ സമയത്തിന്റെ ആദ്യ മുപ്പത് മിനിട്ട് പരീക്ഷയ്ക്കു ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റും, തിരിച്ചറിയൽ രേഖയുടെ അസലും പരിശോധിക്കുന്നതിന് വേണ്ടിയാണ്.** |

ബി.കൃഷ്ണചന്ദ്രൻ

പരീക്ഷാ കൺട്രോളർ

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്